**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2361** **21-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള ശുദ്ധജല വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഏതൊക്കെ ജില്ലകളിൽ എന്തൊക്കെ പദ്ധതികളാണ് അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കിയത്; | (എ) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കലക്ടർമാരുടെ അനുമതിയോടെ ടാങ്കർലോറി വഴി ശുദ്ധജല വിതരണം നടത്തിയതെന്നും ഇതിന് പ്രത്യേക ഫണ്ട് അനുവദിച്ചെങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്നും എത്ര നാൾ എത്ര ലിറ്റർ ശുദ്ധജല വിതരണം എത്ര പേർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി 19.02.2024 തീയതിയിലെ സ.ഉ(സാധാ)നം.405/2024/LSGD പ്രകാരം ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക് 31/03/2024 വരെ 6 ലക്ഷം, 12 ലക്ഷം, 17 ലക്ഷം എന്നിങ്ങനെയും 01/04/2024 മുതൽ 31/05/2024 വരെ 12 ലക്ഷം, 17 ലക്ഷം, 22 ലക്ഷം എന്നിങ്ങനെയും തനത്/വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് പൊതുവായി അനുമതി നൽകിയിട്ടുണ്ട്<br><br>വരൾച്ച ബാധിത പ്രദേശമായോ കുടിവെള്ളക്ഷാമമുള്ള പ്രദേശമായോ ജില്ലാ കളക്ടർ/ബന്ധപ്പെട്ട അധികാരികൾ നിശ്ചയിക്കുന്നതിനനുസരിച്ച് ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തീരുമാനമെടുത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.<br><br>ഇതിലേക്കായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. ഓരോ പ്രദേശത്തെയും വ്യക്തികളുടെയും ആവശ്യകതയ്ക്കനുസരിച്ച് വ്യത്യസ്ത കാലയളവിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്.<br><br>സർക്കാർ ഉത്തരവിൽ നിശ്ചയിച്ചതിൽ അധികരിച്ച തുക കുടിവെള്ള വിതരണത്തിന് ചെലവാകുന്ന നടപടി അവശ്യരേഖകളുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധൂകരിച്ചു നൽകി വരുന്നുണ്ട്. |
| (സി) | ശുദ്ധജല വിതരണത്തിന് അനുമതി നൽകിയ ലോറികളിൽ ജി.പി.എസ്. ഘടിപ്പിച്ചിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പരിശോധന ആരാണ് നടത്തിയത്; വ്യക്തമാക്കാമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം നടത്തിയ തദ്ദേശ സ്ഥാപനങ്ങളിൽ തദ്ദേശ സ്ഥാപന സെക്രട്ടറി, ജില്ലാ ജോയിന്റ് ഡയറക്ടർ, മോട്ടോർ വാഹന വകുപ്പ് എന്നീ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ട്. |
| (ഡി) | ശുദ്ധജല വിതരണത്തിന് അനുമതി തേടിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കലക്ടർമാർ അനുമതി നൽകാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനുമതി നൽകാതിരുന്നത് എന്ത് കൊണ്ടാണ് എന്നു വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം-1**</u>

ശുദ്ധജലക്ഷാമം പരിഹരിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

<u>**തിരുവനന്തപുരം :**</u> ജൽജീവൻ പദ്ധതി, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ജലനിധി, അമൃത് പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നീ പദ്ധതികൾ വഴി ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>**കൊല്ലം :**</u> നഗര സഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ കുഴൽകിണർ നിർമ്മാണം, അമൃത് പദ്ധതിയുടെ ഭാഗമായി പൊതു കുളങ്ങൾ, കിണറുകൾ എന്നിവയുടെ നവീകരണം, കുടിവെള്ള വിതരണം, ജൽജീവൻ പദ്ധതി മുഖേന എല്ലാ വീടുകളിലും പൈപ്പ് ലൈൻ എന്നീ പദ്ധതികൾ കൊല്ലം ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

<u>**പത്തനംതിട്ട :**</u> കുടിവെള്ള വിതരണം, പൊതു കുളങ്ങൾ നവീകരണം, മഴക്കുഴി നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

<u>**ആലപ്പുഴ :**</u> ടാങ്കറിൽ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്.

<u>**കോട്ടയം :**</u> ജൽജീവൻ മിഷൻ പദ്ധതി, അമൃത്പദ്ധതി, കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള പദ്ധതി, ടാങ്കർ ലോറികൾ വഴി കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

<u>**ഇടുക്കി :**</u> കുടിവെള്ള വിതരണം, ടാങ്ക് നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ കുഴൽകിണർ നിർമ്മാണം, പൊതുകുളം, കിണറുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

<u>**എറണാകുളം :**</u> ടാങ്കർ ലോറികൾ വഴി ശുദ്ധജല വിതരണം നടത്തിയിട്ടുണ്ട്. കുളങ്ങളുടെ നവീകരണം, പഞ്ചായത്തുകളുടെ തനത് കുടിവെള്ള പദ്ധതി എന്നിവയിലൂടെ ശുദ്ധജല വിതരണം നടത്തി വരുന്നു.

<u>**തൃശ്ശൂർ :**</u> ടാങ്കർ ലോറികൾ വഴിയും വാട്ടർ ക്രിയോസ്കുകൾ വഴിയും ശുദ്ധജല വിതരണം നടത്തിയിട്ടുണ്ട്.

<u>**കണ്ണൂർ :**</u> ടാങ്കർ ലോറികൾ വഴി ശുദ്ധജല വിതരണം നടത്തിയിട്ടുണ്ട്.

<u>**വയനാട് :**</u> കിണർ നവീകരണം, വാഹനങ്ങളിൽ കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

<u>**കോഴിക്കോട് :**</u> തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കിണർ റീചാർജ്ജ്, കുളങ്ങൾ, തോടുകൾ, കിണറുകൾ എന്നിവയുടെ നവീകരണം, വാഹനങ്ങളിൽ കുടിവെള്ള വിതരണം, ജൽജീവൻ മിഷൻ പദ്ധതിയിലൂടെ കുടിവെള്ള കണക്ഷനുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

**<u>പാലക്കാട്:</u>** ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന എൻ. ആർ.എം പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

**<u>കാസറഗോഡ് :</u>** വാഹനങ്ങളിൽ കുടിവെള്ള വിതരണം, ജൽജീവൻ മിഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**<u>മലപ്പുറം :</u>** തദ്ദേശ സ്ഥാപനങ്ങളിൽ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ വാഹനത്തിൽ കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറിയ ജലനിധി ഉൾപ്പടെയുള്ള കുടിവെള്ള പദ്ധതികളിലൂടെ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ വഴിയും കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ട്.